LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 11-10-2013- ലെ സ.ഉ.(പി) നമ്പർ 515/2013/ധന, 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/2013/ധന. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(ബി) ഉന്നത ഉദ്യോഗസ്ഥരുടെക്ഷാമം അനുഭവിക്കുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ട് നൽകുവാൻ കഴിയാത്ത അവസ്ഥയാണ് എന്നാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയിലെ പി.എസ്.സി. നിയമനം

47 (52) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലോകായുക്തയിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടിട്ടുണ്ടോ ; ഇതുവരെ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ നികത്താനുണ്ട് ?

ഉത്തരം

കേരള ലോകായുക്തയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ലാത്തതിനാൽ എല്ലാ നിയമനങ്ങളും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനസ് വ്യവസ്ഥയിലുമാണ് നടത്തിവരുന്നത്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ഇളവുകൾ

48 (53) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡെപ്യൂട്ടേഷൻ സമാന സ്കെയിൽ ഉള്ള തസ്തികയിലേക്ക് മാത്രമേ നടത്താവൂ എന്ന നിബന്ധന ഒഴിവാക്കുമോ?

ഉത്തരം

ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് 28-11-2013-ലെ സ.ഉ. (പി) നമ്പർ. 580/2013/ധനപ്രകാരം ഡെപ്യൂട്ടേഷൻ സമാന സ്കെയിൽ ഉള്ള തസ്തികകളിലേയ്ക്ക് മാത്രമേ നടത്താവൂ എന്ന് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിനാൽ ഇതിൽ മാറ്റം വരുത്തേണ്ടുന്ന സാഹചര്യം നിലവിലില്ല.

സെക്രട്ടേറിയറ്റിലെ ജോലി ഭാരം

49 (54) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റിലെ ജോലിഭാരം കുറയ്ക്കുന്നതിന് ഫയലുകൾ കെട്ടിക്കിടക്കുന്ന സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ ഉണ്ടാക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വോട്ടിംഗ് മെഷീനിന്റെ തകരാറുകൾ

50 (55) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെ നടന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നതിന് എത്ര വോട്ടിംഗ് യന്ത്രങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നും എവിടെനിന്നാണ് വാങ്ങിയത് എന്നും വിശദമാക്കുമോ ;

(സി) തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾ കേടുവന്നതുമൂലം എത്ര ബൂത്തുകളിൽ ഒരുമണിക്കൂറിൽ അധികം വോട്ടിംഗ് തടസ്സപ്പെട്ടു എന്നും, എത്ര ബൂത്തുകളിൽ തിരഞ്ഞെടുപ്പ് സമയത്തിനുശേഷവും സമയം ദീർഘിപ്പിച്ച് നൽകേണ്ടി വന്നു എന്നും എത്ര ബൂത്തുകളിൽ വോട്ടിംഗ് മെഷീൻ കേടുവന്നതുകൊണ്ട് റീപോളിംഗ് വേണ്ടിവന്നു എന്നും ജില്ലയും ബൂത്തും തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വോട്ടിംഗ് മെഷീനിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിരുന്നുവോ ; എങ്കിൽ ഈ സംഭവം ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly